ഉത്തരം

(എ) വിഴിഞ്ഞത്തുള്ള മറൈൻ അക്വേറിയം സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിയന്ത്രണത്തിലുള്ളതാണ്. ഇതിന്റെ വികസനം സംബന്ധിച്ച കാര്യങ്ങൾ കേന്ദ്ര സർക്കാരിന്റെ പരിധിയിൽ വരുന്നതാണ്.

(ബി-ഇ) 'എ' യിലെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

തളങ്കരയിൽ മറൈൻ അക്വേറിയം സ്ഥാപിക്കുവാൻ നടപടി

114 (1006) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ തളങ്കരയിൽ മറൈൻ അക്വേറിയം സ്ഥാപിക്കുവാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) തീരുമാനിച്ചിട്ടുണ്ട്.

(ബി) തളങ്കരയിൽ ടൂറിസം വകുപ്പ്, ജില്ലാ ടൂറിസം, പ്രമോഷൻ കൗൺസിൽ എന്നിവയുമായി ചേർന്നാണ് മറൈൻ അക്വേറിയം സ്ഥാപിക്കുന്നത്. ഇതിനായി ഫിഷറീസ് വകുപ്പ് 12 ലക്ഷം രൂപയും ഫിഷ് ഫാർമേഴ്സ് ഡെവലപ്മെന്റ് ഏജൻസി 5 ലക്ഷം രൂപയും ടൂറിസം വകുപ്പ് 10 ലക്ഷം രൂപയും വീതം ഡി. ടി. പി. സി. ക്ക് കൈമാറിയിട്ടുണ്ട്.

(സി) നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അതു പൂർത്തിയാകുന്ന മുറയ്ക്ക് പദ്ധതിപ്രവർത്തനം പൂർണ്ണതോതിൽ ആരംഭിക്കാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു.

ബേപ്പൂർ ഫിഷറീസ് ടെക്നിക്കൽ ഹൈസ്ക്കൂളിന്റെ പ്രവർത്തനം

115 (1007) ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബേപ്പൂർ ഫിഷറീസ് ടെക്നിക്കൽ ഹൈസ്ക്കൂളിന്റെ പ്രവർത്തനം നിശ്ചിത കാലാവധി കഴിഞ്ഞിട്ടും പൂർത്തിയായിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പ്രവൃത്തി ഉടനെ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്.

സീ റെസ്ക്യൂ വോളന്റീയർമാർക്ക് നിയമനം നൽകാൻ നടപടി

116 (1008) ശ്രീ. കെ. കെ. ഷാജു :
ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ഉമേഷ് ചള്ളിയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഫിഷറീസ് വകുപ്പിന്റെ കീഴിൽ സീ റെക്സ്യൂ വോളന്റീയർമാർക്ക് പരിശീലനം നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) എങ്കിൽ എത്രപേർക്ക് ഇപ്രകാരം പരിശീലനം നൽകിയിട്ടുണ്ട് ;

(സി) ഇവരിൽ എത്രപേർക്ക് റെസ്ക്യൂ വോളന്റീയർ ആയി നിയമനം ലഭിച്ചിട്ടുണ്ട് ;

(ഡി) തൃശ്ശൂർ ജില്ലയിൽനിന്നും പരിശീലനം പൂർത്തിയാക്കിയവർ ഇതിൽ ഉൾപ്പെടുന്നുണ്ടോ ;

(ഇ) ഇല്ലെങ്കിൽ ഈ സീസണിൽ ഇവരെ നിയമിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ;

(എഫ്) തീരദേശ പോലീസ് സേനയിലെ നിയമനങ്ങളിൽ സീ റെസ്ക്യൂ വോളന്റീയർമാർക്ക് നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ തീരദേശ ജില്ലകളിൽ തെരഞ്ഞെടുത്ത മത്സ്യത്തൊഴിലാളികൾക്ക് കടൽ രക്ഷാപ്രവർത്തനത്തിലും പ്രാഥമിക ശുശ്രൂഷയിലും പരിശീലനം നൽകിയിട്ടുണ്ട്.

(ബി) 66 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

(സി) സ്ഥിരമായി ആർക്കും നിയമനം നൽകിയിട്ടില്ല.

(ഡി) ഉണ്ട്.

(ഇ) ഡി. ചോദ്യത്തിന്റെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യത്തിനു പ്രസക്തിയില്ല.

(എഫ്) തീരദേശ പോലീസ് സേനയിലേക്കുള്ള നിയമന രീതി തീരുമാനമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly